സ്റ്റുഡന്റ്സ് ബിനാലെ നാലാം പതിപ്പിനുള്ള ആപ്ലിക്കേഷനുകൾ ക്ഷണിക്കുന്നു.

ഇന്ത്യയിലെ കലാവിദ്യാഭാസരംഗത്തെ ബലപ്പെടുത്തുക, പോഷിപ്പിക്കുക എന്ന ലക്ഷ്യങ്ങളാണ് സ്റ്റുഡന്റ്സ് ബിനാലെ പദ്ധതിക്കുള്ളത്. മഹാമാരി ഉയർത്തിയിട്ടുള്ള വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ സ്റ്റുഡന്റ്സ് ബിനാലെ പോലുള്ള വേദികളും ശൃംഖലകളും  വിദ്യാർത്ഥികൾക്ക് ലഭ്യമാകേണ്ടതുണ്ടെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ വിശ്വസിക്കുന്നു. കലാവിദ്യാർത്ഥികളും അദ്ധ്യാപകരും ഇന്ന് അഭിമുഖീകരിക്കുന്ന സാഹചര്യങ്ങളെ അഭിസംബോധന ചെയ്യും വിധം ഓൺലൈൻ പ്രദർശനയിടങ്ങളും പഠനകളരികളും മറ്റു സംവാദവേദികളും അടങ്ങുന്നതായിരിക്കും സ്റ്റുഡന്റ്സ് ബിനാലെയുടെ ഈ പതിപ്പ്.

അഞ്ച് കലാകൃത്തുക്കളും അദ്ധ്യാപകരും അടങ്ങുന്ന  സംഘമാണ് നാലാം പതിപ്പ് സ്റ്റുഡന്റ്സ് ബിനാലെ ക്യൂറേറ്റ് ചെയ്യുന്നത്. **ഒദീപ് ദത്ത, അർച്ചന ഹൺഡേ, മനോജ് വൈലൂർ, സുരേഷ് കെ നായർ, വസുധാ തോഴൂർ** എന്നിവരാണ് ക്യൂറേറ്റർമാർ.

<u>നാലാം പതിപ്പ് പരിപാടി</u>

കോവിഡ്-19 സൃഷ്ടിച്ചിരിക്കുന്ന തടസ്സങ്ങൾ കണക്കിലെടുത്ത് സ്റ്റുഡന്റ്സ് ബിനാലെയുടെ ഈ പതിപ്പ് ഓൺലൈൻ സംവിധാനങ്ങളിലൂടെയുമാണ്  നടത്തുക. പ്രദർശനവേദിയും പഠനകളരികളും അടങ്ങുതാണ്  സ്റ്റുഡന്റ്സ് ബിനാലെ പരിപാടി. ഇന്ത്യയുടെ എല്ലാ മേഖലകളിൽനിന്നും പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന രീതിയിലായിരിക്കും ആപ്ലിക്കേഷനുകൾ തിരഞ്ഞെടുക്കുന്നത്. പ്രോജെക്റ്റുകൾ ആവിഷ്കരിക്കാനുള്ള ഗ്രാന്റും വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്.

സ്റ്റുഡന്റ്സ് ബിനാലെയയുടെ ഭാഗമായി സൃഷ്ടിച്ച വിദ്യാർത്ഥി പ്രോജെക്റ്റുകൾ ഒരു ഓൺലൈൻ പ്രദർശനത്തിൽ പ്രതിനിധീകരിക്കുന്നതായിരിക്കും.  ഡിജിറ്റൽ കലാസൃഷ്ടിൾ മാത്രമല്ല എല്ലാ ദൃശ്യകല രൂപങ്ങളെയും പരിഗണിക്കുന്നതായിരിക്കും. വിദ്യാർത്ഥികളും ക്യൂറേറ്റർമാരും തമ്മിലുള്ള

ആശയവിനിമയം, അനുബന്ധ പഠനവേദികൾ, അന്തിമ പ്രദർശനത്തിന്റെ ഏകോപനം എന്നിവ ഉൾപ്പെടെ എല്ലാ പ്രക്രിയകളും ഓൺലൈനായിയിരിക്കും. ഇന്ത്യയിൽ  കാണപ്പെടുന്ന ഡിജിറ്റൽ അന്തരം പരമാവധി മറികടക്കാൻ പാകത്തിനായിരിക്കും പരിപാടി ക്രമപ്പെടുത്തുന്നത്. ഇന്റർനെറ്റ് സൗകര്യങ്ങൾക്കും മറ്റു സാങ്കേതിക ആവശ്യങ്ങൾക്കുമായ ധനസഹായവും മാർഗ്ഗനിർദ്ദേശങ്ങളും വിദ്യാർത്ഥികൾക്ക് കൊച്ചി ബിനാലെ ഫൗണ്ടേഷൻ നൽകും.

പ്രദർശനത്തിനു പുറമെ വിദ്യാർത്ഥികൾക്കായി പഠനകളരികളും മറ്റവസരങ്ങളും ക്യൂറേറ്റർമാരുടെ നേതൃത്വത്തിൽ അതിഥി അദ്ധ്യാപകരോടൊപ്പം സംഘടിപ്പിക്കുന്നതായിരിക്കും.

<u>പ്രധാന തീയതികൾ</u>

സ്റ്റുഡന്റ്സ് ബിനാലെ ഓൺലൈൻ പ്രദർശനം 2021 ഫെബ്രുവരി 21-ന് ആരംഭിക്കും. ആപ്ലിക്കേഷനുകൾ അയക്കാനുള്ള അവസാന തീയതി 2020 നവംബർ 15 ആണ്. തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ പട്ടിക 2020 ഡിസംബർ 1-ന് കൊച്ചി ബിനാലെ ഫൗണ്ടേഷണിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

<u>യോഗ്യത</u>

ഇന്ത്യയിലെ കോളേജുകളിൽ ബി.എഫ്.എ, എം.എഫ്.എ (അല്ലെങ്കിൽ തത്തുല്യമായ) കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആപ്ലിക്കേഷൻ അയക്കാവുന്നതാണ്.

<u>ആപ്ലിക്കേഷൻ</u>

താത്പര്യമുള്ള വിദ്യാർത്ഥികൾ <u>ആപ്ലിക്കേഷൻ ഫോം</u> പൂരിപ്പിക്കുക. ഫോം പൂരിപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ <u>ഇവിടെ</u> കാണുക. ചോദ്യങ്ങൾക്കായി ബന്ധപ്പെടുക: studentsbiennale@kochimuzirisbiennale.org.  അപേക്ഷകൾ അയക്കാനുള്ള അവസാന തീയതി 2020 നവംബർ 15-ന് ഇന്ത്യൻ സമയം വൈകുന്നേരം 5 മണി.